(ബി) ഈ പദ്ധതികൾ പ്രകാരം എത്ര ഹെക്ടർ സ്ഥലത്ത് പുൽകൃഷി പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കന്നുകാലികൾക്ക് ആവശ്യമുള്ള പച്ചപ്പുല്ല് പൂർണ്ണമായും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) ഫോഡർ നഴ്സറി സ്ഥാപിക്കുക, ഇടവിളയായി പുൽകൃഷി ചെയ്യുവാൻ ആവശ്യമായ വിത്തും വളവും നൽകുക, ഹ്രസ്വകാല ഫോഡർ വിളകൾ പ്രോത്സാഹിപ്പിക്കുക, ജലസേചന സൗകര്യത്തോടുകൂടി പുൽകൃഷിതോട്ടങ്ങൾ സ്ഥാപിക്കുക, വിവിധ തരത്തിലുള്ള പുൽവർഗ്ഗങ്ങളുടെ വിത്ത് വിതരണം ചെയ്യുക തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

(ബി) സംസ്ഥാനത്ത് 6841.5 ഹെക്ടർ സ്ഥലത്ത് പുൽകൃഷി വികസന പരിപാടി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സ്ഥല ലഭ്യതയിൽ സംസ്ഥാനം നേരിടുന്ന പരിമിതകൾക്കുള്ളിൽ നിന്നുകൊണ്ട് പുൽകൃഷി പരമാവധി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ബുദ്ധിമുട്ടുകൾ

189 (191) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സ്കീമിൽ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇവരുടെ വാഹനചാർജ്ജ് റീഇംപേഴ്സ് ചെയ്തിട്ടുണ്ടോ ; സെന്ററുകളുടെ സമയത്തിൽ ഏകീകൃത സ്വഭാവം അടിയന്തിരമായി ഉണ്ടാക്കുമോ ;

(സി) ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാരുടെ സേവനകാലം സർവ്വീസായി അംഗീകരിക്കുന്നതിൽ നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതു പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഫീൽഡ് ഓഫീസർമാർക്ക് ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നിവേദനത്തിൽ താഴെ പറയുന്ന ആവശ്യങ്ങൾ ഉൾക്കൊള്ളുന്നു.

1. മൊബൈൽ സ്കീമിന്റെ പ്രവർത്തനത്തിനു വേണ്ടി വാഹനസൗകര്യം ഗവൺമെന്റ് ഏർപ്പെടുത്തുക.

2. വാഹനസൗകര്യം ലഭ്യമാകുന്നതുവരെ പ്രതിമാസം 1500 രൂപ അലവൻസ് അനുവദിക്കുക.

3. ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള സബ്സെന്ററുകളുടെ പ്രവർത്തനം മറ്റു സെന്ററുകളിലെ ഇപ്പോഴത്തെ പ്രവൃത്തി സമയമായ രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 2 മണിവരെയാക്കുക.

ഈ ആവശ്യങ്ങൾ അനുവദിക്കുക പ്രായോഗികമല്ല. മൊബൈൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സ്കീമിന്റെ പരീക്ഷണ ഘട്ടങ്ങളിൽ ലൈവ്സ്റ്റോക് ഇൻസ്പെക്ടർമാരുടെ സ്വന്തം വാഹനങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഒരു ആർട്ടിഫിഷ്യൽ ഇൻസെമിനേഷന് 15 രൂപായിനത്തിൽ റീഇംബേഴ്സ് ചെയ്യുവാൻ തീരുമാനം എടുത്തിട്ടുണ്ട്. ആയതിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ധനകാര്യ വകുപ്പുമായി ആലോചിച്ച് പരിഹരിക്കുന്നതാണ്.

മൊബൈൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സ്കീം കർഷകർക്കു ആവശ്യമായ ഘട്ടത്തിൽത്തന്നെ സേവനം ഉറപ്പുവരുത്തുവാൻ വേണ്ടിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ രാവിലെ മുതൽ വൈകുന്നേരം വരെ ഈ സേവനം ലഭ്യമാക്കണമെന്നാണ് സർക്കാരിന്റെ നയം. ഡയറി സഹകരണ സംഘങ്ങൾ മറ്റു നിബന്ധനകൾ കൂടാതെതന്നെ ഈ സ്കീം നടപ്പിലാക്കുവാൻ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്. ആയത് പരിഗണിച്ചുവരികയാണ്.

(സി) ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാരുടെ സേവനകാലം സന്നദ്ധ സേവനമായതിനാലാണ് സർവ്വീസായി പരിഗണിക്കുവാൻ കഴിയാത്തത്.

(ഡി) നിലവിലുള്ള നിയമമനുസരിച്ച് അനന്തര നടപടികൾ സ്വീകരിക്കുവാൻ നിവൃത്തിയില്ല.

(ഇ) ഫീൽഡ് ആഫീസർമാർക്ക് ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ നിലവിലില്ല.

ടൂറിസ്റ്റുകളുടെ സന്ദർശനം

190 (192) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം വിനോദസഞ്ചാര കേന്ദ്രത്തിൽ വിദേശടൂറിസ്റ്റുകൾ ഈ വർഷം കുറഞ്ഞുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly